**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1451** **16-10-2026-ൽ മറുപടിയ്ക്ക്**

**മങ്കട മണ്ഡലത്തിലെ കർഷകർക്കുള്ള നഷ്ടപരിഹാരത്തുക**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ** **മറുപടി നൽകിയ മന്ത്രി**

ശ്രീ. മഞ്ഞളാംകുഴി അലി ശ്രീ. ടി. സിദ്ദീഖ്
(കൃഷി വകുപ്പ് മന്ത്രി)

**(എ)** മങ്കട നിയോജകമണ്ഡലത്തിന് കീഴിൽ വരുന്ന പഞ്ചായത്തുകളിൽ പ്രകൃതിക്ഷോഭത്തിൽ കൃഷിനാശം സംഭവിച്ച കർഷകർക്കുള്ള നഷ്ടപരിഹാരത്തുക പൂർണ്ണമായും വിതരണം ചെയ്തിട്ടുണ്ടോയെന്ന് വിശദമാക്കുമോ;

**മറുപടി:** മങ്കട നിയമസഭാ മണ്ഡലത്തിലെ അങ്ങാടിപ്പുറം ബ്ലോക്കിൽ ഉൾപ്പെടുന്ന കൂട്ടിലങ്ങാടി, കുറുവ, മക്കരപ്പറമ്പ്, മങ്കട, മൂർക്കനാട്, പുഴക്കാട്ടിരി ഗ്രാമപഞ്ചായത്തുകളിലും പെരിന്തൽമണ്ണ ബ്ലോക്കിലെ അങ്ങാടിപ്പുറം ഗ്രാമപഞ്ചായത്തിലും പ്രകൃതിക്ഷോഭവുമായി ബന്ധപ്പെട്ട് കണ്ടിൻജൻസി പ്രോഗ്രാം (Contingency Programme) വഴി അനുവദിക്കുന്ന ദുരിതാശ്വാസ ധനസഹായം 25/10/2021 വരെയുള്ള കാലയളവിലേക്ക് നൽകിയിട്ടുണ്ട്.

**AIMS പോർട്ടൽ പ്രകാരമുള്ള വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.**

**(ബി)** നഷ്ടപരിഹാരത്തുക ലഭിക്കാത്ത കർഷകർക്ക് എപ്പോൾ വിതരണം ചെയ്യാനാകുമെന്ന് വ്യക്തമാക്കുമോ?

**മറുപടി:** പ്രകൃതിക്ഷോഭ ദുരിതാശ്വാസ പദ്ധതിയിലും പുനരാവിഷ്കൃത സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതിയിലും കുടിശ്ശിക തുക കർഷകർക്ക് നൽകുന്നതിനായി റവന്യൂ വകുപ്പിൽ നിന്നും, അഗ്രികൾച്ചറൽ പ്രൊമോഷൻ ഫണ്ടിൽ നിന്നും (Agricultural Promotion Fund), കൃഷി വകുപ്പിലേക്ക് ഫണ്ട് അനുവദിച്ചിട്ടുണ്ട്. ലഭ്യമായ ഈ ഫണ്ട് ഉപയോഗിച്ച് കണ്ടിൻജൻസി പ്രോഗ്രാമിന്റെ 76.68 കോടി രൂപയും കുടിശ്ശികയും, വിള ഇൻഷ്വറൻസ് പദ്ധതിയുടെ 43.19 കോടി രൂപയും പൂർണ്ണമായും നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

**സെക്ഷൻ ഓഫീസർ**